കേരള സർക്കാർ

SOCIAL JUSTICE DEPARTMENT

suneethi

പുസ്തകം 1
ലക്കം 1
2017 മാർച്ച്

# സുനീതി

## ത്രൈമാസ വാർത്താപത്രിക

### സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരണം



#### സന്ദേശം

അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് 'സുനീതി'എന്ന പേരിൽ ഒരു ത്രൈമാസ വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ശബ്ദമില്ലാത്തവരുടെ സ്വരമായി മാറുക എന്ന വലിയ ദൗത്യമാണ് ഈ വകുപ്പിനുള്ളത്. ആവശ്യക്കാരിലേക്കിറങ്ങി ചെല്ലാനുള്ള എല്ലാ വഴികളും പരമാവധി ഉപയോഗപ്പെടുത്തുവാൻ വകുപ്പിന് സാധിക്കണം. അതിലേക്കുള്ള ഒരു സുപ്രധാന കാൽവെയ്പ്പായി ഈ ഉദ്യമം മാറട്ടെ. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി



#### സന്ദേശം

സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, ഭിന്നലിംഗക്കാർ എന്നിങ്ങനെ സമൂഹത്തിൽ കൂടുതൽ പരിഗണന അർഹിക്കുന്നവരെ സേവിക്കാനുള്ള എല്ലാ ശ്രമങ്ങളും സാമൂഹ്യനീതി വകുപ്പിലൂടെ ചെയ്തുവരികയാണ്. മാർച്ച് 8 അന്താരാഷ്ട്രവനിതാദിനമായി ആഘോഷിക്കുന്ന ഈ വേളയിൽ സ്ത്രീകളെ ആദരിക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. സ്ത്രീകളുടെ ശാക്തീകരണവും സമത്വവും എന്ന ലക്ഷ്യത്തിലേക്ക് നമുക്കൊരുമിച്ച് മുന്നേറാം. സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന വാർത്താ പത്രികക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**കെ.കെ ശൈലജ ടീച്ചർ**
സാമൂഹ്യനീതി വകുപ്പ് മന്ത്രി



#### സന്ദേശം

മാറ്റങ്ങളില്ലാതെ ജീവിതമില്ല. ചലനാത്മകതയാണ് സമൂഹത്തിന്റെ വളർച്ചയുടെ അടയാളം. ഭരണവും ഭരണസംവിധാനങ്ങളും സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഒപ്പം നിയമങ്ങളും സർക്കാരിന്റെ നയങ്ങളും മാറും. ഈ മാറ്റങ്ങൾക്കനുസരിച്ച് ചലിക്കുമ്പോഴാണ് ഉദ്യോഗസ്ഥ സംവിധാനവും ജനാധിപത്യത്തിൽ വികസനത്തിന്റെയും വളർച്ചയുടെയും സന്ദേശവാഹകരാകുന്നത്. സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ട, ശിശുക്കൾക്കും, വനിതകൾക്കും വയോധികർക്കും അംഗപരിമിതർക്കും മുഖ്യധാര ജീവിതം ഉറപ്പുവരുത്തേണ്ട, ഗൗരവം നിറഞ്ഞ ദൗത്യങ്ങളുള്ള ഒരു വകുപ്പിനെ സംബന്ധിച്ചിടത്തോളം സർക്കാർ നിയമങ്ങളും നയങ്ങളും കൃത്യമായി താഴെത്തട്ടുവരെയുള്ള ഉദ്യോഗസ്ഥ സമൂഹവും ഇതരപ്രവർത്തകരും അറിയേണ്ടതും ഉൾക്കൊള്ളേണ്ടതും എത്രയോ ആവശ്യമാണ്. ആശയവിനിമയത്തിന് ഉദ്യോഗസ്ഥ, സന്നദ്ധസംഘടന തലങ്ങളിലുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് പ്രസിദ്ധീകരണമാരംഭിക്കുന്ന ഈ വാർത്താപത്രിക സഹായിക്കുമെന്നാണ് പ്രതീക്ഷ. അതോടൊപ്പം ഗുണഭോക്താക്കളിലേക്കുകൂടി എത്തുന്ന ഒരു പ്രസിദ്ധീകരണമായി അടുത്ത സാമ്പത്തികവർഷത്തിൽ ശക്തിപ്രാപിക്കണമെന്നാണ് ആഗ്രഹം. അതിനായുള്ള ശ്രമങ്ങൾക്ക് ആശംസകൾ.

**മിനി ആന്റണി ഐഎഎസ്**
ഗവ. സ്പെഷ്യൽ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്

## പത്രാധിപക്കുറിപ്പ്

കാലം വഴിത്തിരിവുകളുടേതാകാം, പക്ഷേ സമൂഹം പടിപടിയായുള്ള മാറ്റങ്ങളുടേതാണ്. മനുസ്മൃതിയുടെ അർത്ഥതലങ്ങളിൽ നിന്ന് ഇന്നിന്റെ വനിതയുടെ അവകാശങ്ങളിലേയ്ക്ക് എത്തിയത് ബഹുദൂരം പിന്നിട്ടാണ്. എന്നാൽ സ്ത്രീയും പുരുഷനുമെന്ന് വേറിട്ടു വിളിക്കാത്ത കാലവും സമൂഹവും ഉണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നു. ചിലപ്പോഴെങ്കിലും വ്യക്തിയുടെ മാറ്റം മാത്രമല്ല സമൂഹത്തിന്റെ മാറ്റവും സാക്ഷ്യങ്ങൾക്ക് മാത്രമുള്ളതാകുന്നു. അതിനാലാകാം ഇടയ്ക്കെപ്പോഴോ സ്ത്രീയുടെ അവകാശങ്ങളുടെ കാര്യത്തിൽ മാത്രം സമൂഹം വേറിട്ട വഴി തിരഞ്ഞെടുത്തത്.

വിദ്യാഭ്യാസത്തിനും തൊഴിലിനും സ്ത്രീയുടെ അവകാശം കുറച്ചൊക്കെ അംഗീകരിച്ച് കഴിഞ്ഞ കേരളീയ സമൂഹത്തിന്റെ ഭാഗമാണ് നമ്മൾ എന്നത്, പക്ഷേ ഒരിക്കലും അഭിമാനത്തോടെ പറയാനാകില്ല. തുല്യപ്രാധാന്യമുള്ളതാണ് ഭീതികൂടാതെ വിദ്യാഭ്യാസം, തൊഴിൽ സ്ഥലം, പൊതു ഇടങ്ങൾ തുടങ്ങി സ്വന്തം വീട്ടിൽ പോലും സ്വന്തം താൽപര്യത്തിനനുസരിച്ച് കഴിയാനുള്ള അവകാശം അത് ചിലപ്പോഴെങ്കിലും ലംഘിക്കപ്പെടുന്നു. ബാലവിവാഹം, ശാരീരിക പീഡനം, ലൈംഗിക പീഡനം, സ്ത്രീധനം എന്നിവയെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ആ അവകാശങ്ങളെ ലംഘിക്കുന്നു. നിലനിൽപ്പ് കാംക്ഷിക്കുന്ന ഏതൊരു വ്യക്തിയ്ക്കും ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട് – സ്വയം മറ്റുള്ളവർക്ക് മാതൃകയാവുക, ഗുണപരമായ ഇടപെടലുകൾ/ബോധവൽക്കരണം സമൂഹത്തിൽ നടത്തുക – എന്നിവയെല്ലാം.

ഇന്ന് ഈ അന്താരാഷ്ട്രവനിതാദിനത്തിൽ സ്ത്രീയുടെ അവകാശങ്ങൾ സമൂഹത്തിന്റെ കടമയാക്കി മാറ്റാൻ സാമൂഹ്യനീതി വകുപ്പും ഉദ്യോഗസ്ഥരും പ്രതിജ്ഞാബദ്ധരാണ്. അനിവാര്യമായ മാറ്റങ്ങൾക്ക് വേഗത കൂട്ടാനും ക്രമേണ സമൂഹവും വഴിത്തിരിവിന്റേതാക്കി മാറ്റാനും വേണ്ട ശ്രമങ്ങൾ തുടങ്ങിവയ്ക്കുമെന്ന് ഉറപ്പുനൽകിക്കൊണ്ട് സുനീതിക്കായുള്ള യാത്ര തുടങ്ങാം....

ചീഫ് എഡിറ്റർ

**അനുപമ റ്റി.വി ഐഎഎസ്**
**സാമൂഹ്യനീതി ഡയറക്ടർ**


ചീഫ് എഡിറ്റർ : അനുപമ. റ്റി.വി ഐഎഎസ്, ഡയറക്ടർ

എഡിറ്റേഴ്സ് : എസ്.എൽ. ശ്യാംശങ്കർ, സീനിയർ സൂപ്രണ്ട്
അജിത്ത്കുമാർ ബി.എൻ, ജൂനിയർ സൂപ്രണ്ട്
രശ്മി സലിൻ. എസ്, ക്ലർക്ക്

ലേ ഔട്ട് : വിനോദ്.പി.കെ, സീനിയർ ക്ലർക്ക്
അജി കൃഷ്ണൻ. ആർ, സി-ഡിറ്റ്


## സാമൂഹ്യനീതി വകുപ്പ് - ഒരു അവലോകനം

സാമൂഹ്യക്ഷേമ പരിപാടികളും സേവനങ്ങളും നടപ്പിലാക്കുന്നതിന് 1975 സെപ്റ്റംബർ 9 ന് സാമൂഹ്യക്ഷേമ വകുപ്പ് രൂപീകരിച്ചു. (ജി.ഒ (പി) നമ്പർ 223/75/എൽ.എ/എസ്.ഡബ്ല്യു.ഡി) തുടർന്ന് ജി.ഒ.പി നമ്പർ 64/2012/എസ്.ഡബ്ല്യു.ഡി തീയതി 31/10/2012 പ്രകാരം വകുപ്പിന്റെ പേര് സാമൂഹ്യനീതി വകുപ്പ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കുട്ടികൾ, സ്ത്രീകൾ, ദുർബലർ, വൃദ്ധർ, കൗമാരക്കാരായപെൺകുട്ടികൾ, ട്രാൻസ്ജെൻഡർ മാനസിക ആരോഗ്യം നേടിയിട്ടും വീട്ടുകാർ സ്വീകരിക്കാത്തവർ തുടങ്ങിയ വിഭാഗങ്ങളുടെ സംരക്ഷണവും പരിചരണവും ക്ഷേമവും വികസനവും, പുനരധിവാസവുമാണ് ഈ വകുപ്പിന്റെ ഉദ്ദേശലക്ഷ്യം. കൂടാതെ പ്രധാനപ്പെട്ട സാമൂഹ്യനീതി നിയമങ്ങളായ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും) ആക്ട്, സ്ത്രീധന നിരോധന നിയമം, പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ഉറപ്പുവരുത്തുന്ന നിയമം തുടങ്ങിയവ സാമൂഹ്യനീതി വഴി നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പ് നിർവ്വഹിക്കുന്നതും ഗവൺമെന്റേതര സംഘടനകൾ നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്ക് വേണ്ട പിന്തുണയും സഹായവും ഈ വകുപ്പ് നൽകിവരുന്നു.

## സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്)
(Integrated Child Protection Scheme-ICPS)

നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ ശിശുസംരക്ഷണപദ്ധതികൾ (ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം) ഒരു കുടക്കീഴിൽ വരത്തക്കവിധം സംയോജിപ്പിച്ച്, സംയോജിത ശിശുസംരക്ഷണ പദ്ധതി എന്ന പേരിൽ കേന്ദ്രവനിത–ശിശുവികസന മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണിത്. ബാലനീതി, നിയമം 2015 പ്രകാരമുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം തുടങ്ങിയവ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ കീഴിൽ വരുന്നുണ്ട്. ബാലനീതി സേവനങ്ങൾക്ക് പ്രാധാന്യം നൽകി സേവനസംഘടനയ്ക്ക് ശക്തിപകരുക, കുട്ടികളുമായി ബന്ധപ്പെട്ടുവരുന്നസ്ഥാപനങ്ങളുടെ പ്രവർത്തനനിലവാരവും കുട്ടികളുടെ സംരക്ഷണവും ഉറപ്പുവരുത്തുക, ശിശുസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഗവേഷണം, പരിശീലന പരിപാടികൾ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം

## ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

* ഗവ: സ്പെഷ്യൽ ഹോമുകൾ
* ഗവ: ഒബ്സർവേഷൻ ഹോമുകൾ
* ഗവ: ചിൽഡ്രൻസ് ഹോമുകൾ

## ബാലനീതി പ്രകാരമുള്ള അധികാര സ്ഥാപനങ്ങൾ

* ജുവനൈൽ ജസ്റ്റിസ് ബോർഡ്
* ചൈൽഡ് വെൽഫെയർ കമ്മിറ്റി

## സംയോജിത ശിശുവികസന സേവന പദ്ധതി
(Integrated Child Development Service-ICDS)

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന ആശയം മുന്നിൽക്കണ്ട് 1975ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണ് ഇത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258 ഐ.സി.ഡി.എസ്പ്രോജക്ടുകളിലൂടെനടപ്പിലാക്കിവരുന്നു.സമഗ്രശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്തസേവനങ്ങൾ ഒരേ സമയം ഒരു സ്ഥലത്ത് നിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാധ്യമാക്കുക എന്നുള്ളതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യം. 258 ഐ.സി.ഡി.എസ് പ്രോജക്ടുകളിലായി 32,986 അംഗൻവാടികളും, 129 മിനി അംഗൻവാടികളും പ്രവർത്തിക്കുന്നു.

## സേവനങ്ങൾ

* അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം
* രോഗപ്രതിരോധ പ്രവർത്തനങ്ങൾ
* കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ്
* അനുപൂരക പോഷകാഹാര പദ്ധതി
* ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി
* ഫ്ളക്സി ഫണ്ട്
* രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ്
* ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന
* കാര്യകർതൃ ഭീമ യോജന
* കിശോരി ശക്തി യോജന

## സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

* മഹിളാമന്ദിരങ്ങൾ
* ആശാഹോമുകൾ
* റസ്ക്യൂ ഹോമുകൾ
* ആഫ്റ്റർ കെയർ ഹോമുകൾ

## വൃദ്ധജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ

* വൃദ്ധസദനങ്ങൾ

## ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ

* ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ
* പ്രതീക്ഷഭവൻ
* പ്രത്യാശഭവൻ
* വികലാംഗസദനം

## സാമൂഹ്യനീതി വകുപ്പിന്റെ പരിധിയിൽ വരുന്ന ഇതര സ്ഥാപനങ്ങൾ

* കേരള സാമൂഹ്യ സുരക്ഷാമിഷൻ
* കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ
* കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ
* അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്
* കേരള സംസ്ഥാന വനിത കമ്മീഷൻ
* കേരള സംസ്ഥാന ശിശുക്ഷേമ സമിതി
* നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ഹിയറിംഗ്
* കേരള സംസ്ഥാന ബാലാവകാശ സംരക്ഷണം കമ്മീഷൻ
* ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & ചാരിറ്റബിൾ ഹോംസ്

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സുപ്രധാന നിയമങ്ങൾ

* സ്ത്രീധന നിരോധന നിയമം - 1961
* ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം - 2005
* മെയിന്റനൻസ് & വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് - 2007
* ജുവൈനൽ ജസ്റ്റീസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) ആക്ട് - 2015
* പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് - 1958
* ശൈശവ വിവാഹ നിരോധന നിയമം - 2006
* നാഷണൽ ട്രസ്റ്റ് ആക്ട് - 1999
* പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് - 2016
* ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണനിയമം - 2012
* ബാലവേല നിരോധനനിയമം - 2016
* തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ നടയുന്ന നിയമം - 2013
* ഗാർഡിയൻസ് & വാർഡ്സ് ആക്ട് - 1890

## സ്ത്രീധന നിരോധനനിയമം - 1961

1961 ലെ സ്ത്രീധന നിരോധന നിയമപ്രകാരം 2004ൽ സംസ്ഥാനസർക്കാർ കേരള ഡൗറി പ്രൊഹിബിഷൻ റൂൾ പുറപ്പെടുവിക്കുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ 3 റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർമാരെ സ്വതന്ത്രച്ചുമതല നൽകി നിയമിച്ചിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടറാണ് ചീഫ് ഡൗറി പ്രൊഹിബിഷൻ ആഫീസർ. സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ സ്വന്തമായോ രക്ഷിതാക്കൾ അല്ലെങ്കിൽ ബന്ധുക്കൾ, അല്ലെങ്കിൽ ഏതെങ്കിലും സന്നദ്ധസംഘടന/ സ്ഥാപനം വഴിയോ നൽകാവുന്നതാണ്.

## ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം - 2005

സ്ത്രീകൾക്ക് അപമാനവും ഉപദ്രവും ആയി മാറിത്തീരാൻ സാധ്യതയുള്ള ഓരോ അതിക്രമങ്ങളും ഗാർഹികപീഡനത്തിന്റെ വിശാലമായ നിർവചനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹികപീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തിക ആശ്വാസനടപടികളും നിയമം ഉറപ്പുവരുത്തുന്നു. ജീവിത പങ്കാളിയായ ഭർത്താവിൽ നിന്നും അവരുടെ പുരുഷന്മാരായ ബന്ധുക്കളിൽ നിന്നും ഭാര്യയ്ക്ക് അല്ലെങ്കിൽ സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിനാണ് ഈ നിയമം. സാമ്പത്തികവും വൈകാരികവും വാചികവും ശാരീരികവും ലൈംഗികവുമായി അപമാനിക്കലും അപമാനഭീഷണികളുമെല്ലാം ഈ നിയമത്തിന്റെ

പരിധിയിൽവരുന്നു. സ്ത്രീധനത്തിന് വേണ്ടി പീഡിപ്പിക്കപ്പെട്ട സ്ത്രീകളും അവരുടെ ബന്ധുക്കളും ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ ഉൾപെടുന്നുണ്ട്. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ ഓരോ ജില്ലകളിലും വിമൻ പ്രൊട്ടക്ഷൻ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്.

## മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് - 2007

മുതിർന്ന പൗരൻമാരുടേയും മാതാപിതാക്കളുടേയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്. സ്വന്തം വരുമാനത്തിൽ നിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിന് കഴിവില്ലാത്ത മാതാപിതാക്കൾ ഉൾപ്പെടെയുള്ള മുതിർന്ന പൗരൻമാർക്ക് പരിരക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ നിയമം നടപ്പിലാക്കുന്നതിലേക്ക് മെയിന്റനൻസ് ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന് അനുവദിക്കാവുന്ന പരമാവധി പരിരക്ഷതുക സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് 10,000/- രൂപയിൽ കവിയാത്തതായിരിക്കണം

## ജുവൈനൽ ജസ്റ്റീസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) ആക്ട് - 2015

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും, വികസനത്തിനും, പുനരധിവാസത്തിനും ചില പ്രത്യേക സാഹചര്യത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കും വേണ്ടിയാണ് ഈ നിയമം രൂപപ്പെടുത്തിയിട്ടുള്ളത്. ഈ നിയമത്തിൽ 18 വയസ്സ് വരെയുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ നിരീക്ഷിക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റീസ് ബോർഡുകളും സംരക്ഷണവും, പരിചരണവും, സുരക്ഷയും ആവശ്യമായ കുട്ടികൾക്ക് നൽകുന്നതിന് വേണ്ടിയിട്ടുള്ള ശിശുക്ഷേമ സമിതികളും ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു.

## പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് - 1958

കുറ്റം തെളിയുന്ന പ്രതികളെ ജയിൽ ശിക്ഷവിധിക്കാതെ പകരം സംവിധാനമെന്ന രീതിയിൽ പ്രൊബേഷൻ ആഫീസറുടെ മേൽനോട്ടത്തോടുകൂടിയോ ഇല്ലാതെയൊ വ്യവസ്ഥകൾക്ക് വിധേയമായി നിരീക്ഷണത്തിൽ വിടുതൽ ചെയ്യുകയും തൃപ്തികരമായി നിരീക്ഷണകാലം പൂർത്തിയാകുന്നതുവരെ ജയിൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്ന ഒരു നിയമമാണിത്. എന്നാൽ ജീവപര്യന്തമോ, തൂക്കിക്കൊലയോ ശിക്ഷവിധിക്കാവുന്ന വകുപ്പുകളിൽപ്പെടുന്ന കുറ്റം ചെയ്തിട്ടുള്ളവർക്ക് ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയില്ല.

## ശൈശവ വിവാഹ നിരോധന നിയമം - 2006

ബാലവിവാഹങ്ങൾ തടയുന്നതിനും ബാലവിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവരെ ശിക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമമാണ്. ഈ നിയമപ്രകാരം ബാലവിവാഹനിരോധന ആഫീസർമാരായി ശിശുവികസന പദ്ധതി ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. ബാലവിവാഹം നടക്കുവാൻ ഇടയുണ്ട് എന്നറിയാവുന്നവർക്ക് ആ വിവാഹം തടയുന്നതിനും അത്തരം വിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവർക്കുമെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ഈ ആഫീസർമാർക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

## നാഷണൽ ട്രസ്റ്റ് ആക്ട് - 1999

ഓട്ടിസം, സെറിബ്രൽ പാഴ്സി, മെന്റൽ റിട്ടാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് ഇത്. ഈ ആക്ട് നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ബാലവികാസ് ട്രസ്റ്റാണ് നോഡൽ ഏജൻസി.

## പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് - 2016

അംഗപരിമിതരായി വ്യക്തികൾക്ക് (തുല്യഅവസരങ്ങളും അവകാശ സംരക്ഷണവും, പൂർണപങ്കാളിത്തവും) ഉറപ്പാക്കുന്ന ആക്ട് - 1995 - ൽ നിലവിൽ വന്നു. അംഗപരിമിതർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും ഈ നിയമം വഴി നടപ്പിലാക്കുന്നു. സാമൂഹ്യനീതി വകുപ്പാണ് ഈ നിയമം നടപ്പിലാക്കുന്ന നോഡൽ ഏജൻസി.

### എമർജൻസി നമ്പരുകൾ

| | | |
|---|---|---|
| നിർഭയ ടോൾ ഫ്രീ നമ്പർ | – | 1800 425 1400 |
| ചൈൽഡ് ലൈൻ | – | 1098 |
| ട്രാഫിക് അലർട്ട് | – | 1099 |
| എസ്.എം.എസ് (കേരള പോലീസ്) | – | 94 97 90 00 00 |
| കേരള പോലീസ് | – | 100 |
| ഫയർഫോഴ്സ് | – | 101 |
| ഹൈവേ അലർട്ട് | – | 98 46 10 01 00 |
| റയിൽവേ അലർട്ട് | – | 98 46 20 01 00 |
| പോലീസ് ഹൈടെക് സെൽ | – | 0471 2722768 |
| സൈബർ സെൽ | – | 0471 2320486 |

**വിമെൻ പ്രൊട്ടക്ഷൻ ആഫീസേഴ്സ്** (ഗാർഹികാതിക്രമങ്ങളെ സംബന്ധിക്കുന്ന പരാതികൾ ജില്ലാ വിമെൻ പ്രൊട്ടക്ഷൻ ആഫീസർമാർക്ക് റിപ്പോർട്ട് ചെയ്യുക)

| | | |
|---|---|---|
| തിരുവനന്തപുരം | – | 82 81 99 90 51 |
| കൊല്ലം | – | 82 81 99 90 52 |
| പത്തനംതിട്ട | – | 82 81 99 90 53 |
| ആലപ്പുഴ | – | 82 81 99 90 54 |
| കോട്ടയം | – | 82 81 99 90 55 |
| ഇടുക്കി | – | 82 81 99 90 56 |
| എറണാകുളം | – | 82 81 99 90 57 |
| തൃശ്ശൂർ | – | 82 81 99 90 58 |
| മലപ്പുറം | – | 82 81 99 90 59 |
| പാലക്കാട് | – | 82 81 99 90 61 |
| കോഴിക്കോട് | – | 82 81 99 90 62 |
| വയനാട് | – | 82 81 99 90 63 |
| കണ്ണൂർ | – | 82 81 99 90 64 |
| കാസർഗോഡ് | – | 82 81 99 90 65 |

**മേഖലാസ്ത്രീധന നിരോധന ആഫീസർമാർ**
(സ്ത്രീധന സംബന്ധമായ പരാതികൾ അതാത് മേഖല സ്ത്രീധന നിരോധന ആഫീസർമാർക്ക് റിപ്പോർട്ട് ചെയ്യുക)

| | | |
|---|---|---|
| തിരുവനന്തപുരം | – | 0471 2342896 |
| എറണാകുളം | – | 0484 2427126 |
| കോഴിക്കോട് | – | 0495 2370750 |




# പതിനെട്ട്

## 16 കാരി ബാലവിവാഹത്തിനെതിരെ നടത്തിയ യഥാർത്ഥ പോരാട്ടത്തിന്റെ ഹ്രസ്വചിത്രാവിഷ്കാരം – ഒരു റിപ്പോർട്ട്

വിവാഹത്തിൽ നിന്ന് മാതാപിതാക്കളെ പിന്തിരിപ്പിക്കാൻ പോലീസ് സഹായം തേടിയ 16 വയസ്സായ ഒരു പെൺകുട്ടിയുടെ കഥ ഹ്രസ്വചിത്രരൂപത്തിൽ എത്തിയിരിക്കുന്നു. 18 എന്ന പേരിൽ മലപ്പുറം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റാണ് ചിത്രം തയ്യാറാക്കിയിരിക്കുന്നത്. മലപ്പുറത്തെ 16കാരിയുടെ ഈ പോരാട്ടത്തിന്റെ കഥ മറ്റ് പെൺകുട്ടികളിലേക്കും പൊതുസമൂഹത്തിലേക്കും എത്തിക്കുകയും ബാലവിവാഹത്തിൽ നിന്നും രക്ഷനേടാൻ പെൺകുട്ടികളെ സ്വയം പ്രാപ്തമാക്കുന്നതിനും പുതുതലമുറയെ പഠിപ്പിക്കുന്നതിനുമാണ് സാമൂഹ്യനീതി വകുപ്പ് മലപ്പുറം ജില്ലാ പ്രൊട്ടക്ഷൻ യൂണിറ്റ് സംയോജിത ബാലസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ബാലവിവാഹത്തിനെതിരെ 18 എന്ന പേരിൽ ഒരു ഹ്രസ്വചിത്രം തയ്യാറാക്കിയത്.



### ഹ്രസ്വചിത്രത്തിന്റെ പിറവി

ബാലസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മലപ്പുറം ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളും മാറിയതിനുശേഷമായിരുന്നു 16 വയസ്സുള്ള ഈ വിദ്യാർത്ഥിനി നേരിട്ട് സ്റ്റേഷനിലെത്തി സ്വയം രക്ഷയ്ക്കായി സഹായം അഭ്യർത്ഥിച്ചത്. മഞ്ചേരി പോലീസ് സ്റ്റേഷനിൽ സംഭവിച്ച 16 കാരിയുടെ ശ്രമമായ ഇടപെടൽ ജില്ലാ പോലീസ് മേധാവിയായ ശ്രീ ദേബേഷ്കുമാർ ബെഹ്റ ഐപിഎസ് ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ആശയം മുന്നോട്ടുവയ്ക്കുകയും സാമൂഹ്യനീതി ഡയറക്ടറായിരുന്ന ശ്രീ. വി.എൻ. ജിതേന്ദ്രൻ ഐഎഎസ് ഉൾപ്പെടുന്ന സമിതി ഡോക്യുമെന്റ് ചെയ്യുവാനുള്ള അനുമതി നൽകുകയും ചെയ്തു. ബാലവിവാഹം തടയാൻ പെൺകുട്ടികളെ പ്രാപ്തരാക്കുന്നതോടൊപ്പം മാതാപിതാക്കളെയും അദ്ധ്യാപകരെയും വളർന്നുവരുന്ന പുതുതലമുറയെയും പൊതുസമൂഹത്തെയും ബാലവിവാഹത്തിനെതിരെ നിലകൊള്ളാൻ സജ്ജമാക്കുകയാണ് ഈ ഹ്രസ്വചിത്രത്തിന്റെ ലക്ഷ്യം.

സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും യൂത്ത് ക്ലബുകളിലും എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി തുടങ്ങിയ ഗ്രൂപ്പുകളിലും, അംഗൻവാടികൾ മുഖേനയും, വില്ലേജ്തല പഞ്ചായത്ത്, ബ്ലോക്ക്–ജില്ലാ പഞ്ചായത്ത് തലത്തിലെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ മുഖേനയും ഹ്രസ്വചിത്രം പ്രദർശിപ്പിക്കുകയും അവബോധം സൃഷ്ടിക്കുകയുമാണ് പ്രവർത്തനരീതി. ഇതിനായി സംസ്ഥാനത്തെ എല്ലാ ബാലവിവാഹ നിരോധന ആഫീസർമാർക്കും (ശിശുവികസന പദ്ധതി ആഫീസർ) ഹ്രസ്വചിത്രത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ട്.

സ്കൂൾ അദ്ധ്യാപിക ശ്രീമതി ഷഹന ആസിഫ, മലപ്പുറം പ്രൊബേഷൻ ആഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി ചിത്ര മഞ്ചേരി മുൻസിപ്പൽ കൗൺസിലർ അഡ്വ. ബീന ജോസഫ്, അംഗനവാടി ടീച്ചർ ശ്രീമതി വസന്തകുമാരി എന്നിവരും ഈ ചിത്രത്തിൽ അണിനിരന്നിരിക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ സോഷ്യൽ വർക്കർ ശ്രീ. ഫസൽ പുള്ളാട്ടാണ് ചിത്രത്തിന്റെ കോ–ഓർഡിനേറ്റർ

ശ്രീ. റിയാസിന്റെ തിരക്കഥയിൽ, ശ്രീ. എം.ശരത്ചന്ദ്രൻ ചിത്രം സംവിധാനം നിർവ്വഹിച്ചിരിക്കുന്നു. ഹിന്ദു–സീനിയർ കറസ്പോണ്ടന്റ് ശ്രീ അബ്ദുൽ ലത്തീഫ് നഹയാണ് ഇംഗ്ലീഷ് സബ് ടൈറ്റിൽസ് നൽകിയിരിക്കുന്നത്.

സാമൂഹ്യനീതി വകുപ്പ് വെബ്സൈറ്റായ 'sjd.kerala.gov.in' ഫെയ്സ്ബുക്ക് പേജായ 'facebook.com/sjd.suneethi' എന്നിവയിലൂടെ ഈ ഹ്രസ്വചിത്രം കാണാവുന്നതാണ്.

**സമീർ മച്ചിങ്ങൽ**
**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ**
**മലപ്പുറം**

## ദേശീയ ബാലികാദിനം ജനുവരി 24 – ഒരു റിപ്പോർട്ട്

ജനുവരി 24ന് ദേശീയ ബാലികാദിനാചരണത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പെൺകുട്ടികളുടെ സുരക്ഷ, ആരോഗ്യം, സ്വീകാര്യത, പോഷകാഹാരം, ശുചിത്വം, ശാക്തീകരണം തുടങ്ങിയവിഷയങ്ങളെ ആസ്പദമാക്കി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടുകൂടി ശ്രവ്യ ദൃശ്യാവിഷ്കാര പ്രചരണ വാഹനം (ദീപ്തം–ബാല്യം) സംസ്ഥാനത്തെ 12 ജില്ലകളിൽ പര്യടനം നടത്തി. ദിനാചരണവുമായി ബന്ധപ്പെട്ടുള്ള സംസ്ഥാനതല പരിപാടികൾ 2017 ജനുവരി 24ന് രാവിലെ ബഹു. ബാലാവകാശ കമ്മീഷൻ അദ്ധ്യക്ഷ ശ്രീമതി ശോഭാകോശിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ വച്ച് ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി കെ.കെ ശൈലജ ടീച്ചർ നിർവ്വഹിച്ചു. ദീപ്തംബാല്യത്തിന്റെ ഫ്ളാഗ് ഓഫ് പെൺകുട്ടികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട '18' (പതിനെട്ട്) എന്ന ഡോക്യുമെന്ററിയുടെ പ്രദർശനോദ്ഘാടനവും വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ചടങ്ങിൽ പ്രശസ്ത മജിഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാട് സംവദിക്കുകയും ദേശീയ നാടകവേദിയുടെ ലഘുനാടകം അവതരിപ്പിക്കുകയും ചെയ്തു. സാമൂഹ്യനീതിവകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐഎഎസ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശ്രീമതി അനുപമ റ്റി.വി ഐഎഎസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ദീപ്തം–ബാല്യം എന്ന പേരിൽ ആവിഷ്കരിച്ച ശ്രവ്യ ദൃശ്യാവിഷ്കാര പ്രചരണ വാഹനത്തിന് വൻ വരവേൽപ്പാണ് ജില്ലകളിൽ ലഭിച്ചത്.

പെൺകുട്ടികളെ രക്ഷിക്കൂ, പെൺകുട്ടികളെ പഠിപ്പിക്കൂ അതിലൂടെ അവർ ഭാരതത്തിന്റെ ചരിത്ര വീഥികളിൽ അടയാളം കുറിച്ച ധീരവനിതകളുടെ പിൻതുടർച്ചക്കാരാകും എന്ന ശക്തമായ സന്ദേശം പകർന്നുനൽകുവാൻ ബാലികാദിനാചരണ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. അരുതുകളുടേയും അരുതായ്മകളുടേയും മുള്ളുവേലികൾക്കപ്പുറം വിലക്കുകളുടെ വൻമതിലുകൾക്കുമപ്പുറം കുതിച്ചുയർന്ന് സ്വാതന്ത്ര്യത്തിന്റെ നീലാകാശത്തിൽ പറന്നടുക്കുവാൻ നമ്മുടെ ബാലികമാർക്ക് കഴിയുമെന്ന് പ്രത്യാശയുണർത്തുന്ന തുടർ പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഫെബ്രുവരി 14–ാം തീയതി കാസർകോട് ജില്ലയിൽ ബാലികദിനാചരണ പ്രവർത്തനങ്ങളുടെ സമാപന ചടങ്ങ് ആഘോഷപൂർവ്വം നടത്തപ്പെട്ടു.



ദീപ്തം–ബാല്യത്തിന്റെ ഫ്ളാഗ് ഓഫ് തിരുവനന്തപുരത്ത് ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി. ശൈലജ ടീച്ചർ നിർവ്വഹിക്കുന്നു. 2017 ജനുവരി 24

# നല്ല നടപ്പിന് നേർവഴി

" രണ്ടാം ജന്മമാണിത്,.................. ഇനി എന്റെ പ്രാർത്ഥനകളിൽ എന്നും സാർ ഉണ്ടാകും". കോടതി ഉത്തരവ് നെഞ്ചോട് ചേർത്ത് പിടിച്ച് കൊണ്ടിത് പറയുമ്പോൾ ഡേവിഡിന്റെ (യഥാർത്ഥ പേരല്ല) തൊണ്ടയിടറി, കരച്ചിൽ നിയന്ത്രിക്കുവാൻ പ്രയാസപ്പെട്ടിരുന്നു. കഴിഞ്ഞ പത്ത് വർഷക്കാലം ജീവിതത്തിലുണ്ടായ കയ്പേറിയ അനുഭവങ്ങൾ, കോടതി വ്യവഹാരങ്ങളിലെ മാനസിക സംഘർഷം, നാട്ടിലും വീട്ടിലും അനുഭവിച്ച ഒറ്റപ്പെടലുകൾ.....എല്ലാത്തിനും വിരാമമായിരിക്കുന്നു. കീഴ്കോടതി വിധിച്ച നാല് വർഷത്തെ തടവ് ശിക്ഷ ഒഴിവാക്കി, പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നല്ല നടപ്പ് (പ്രൊബേഷൻ) വിധിച്ച് കൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് ഡേവിഡിന് സമ്മാനിച്ചത് പുതുജീവിതമായിരുന്നു. ജയിലിൽ പോകാതെ ജീവിതം തിരികെ പിടിച്ചതിലുള്ള അതിയായ സന്തോഷം കണ്ണ് നീരിന്റെ താളം പേറി പെയ്തിറങ്ങികൊണ്ടിരുന്നു.

നഗരത്തിൽ നിന്ന് ഏറെ അകലെയല്ലാതെ തീരപ്രദേശത്തോട് ചേർന്നുള്ള വളരെ സാധാരണ കുടുംബമാണ് ഡേവിഡിന്റേത്. പഠനത്തിൽ അത്ര മിടുക്കനൊന്നുമായിരുന്നില്ലെങ്കിലും പള്ളി കമ്മിറ്റികളിലൂടെയുള്ള സാമൂഹ്യ പ്രവർത്തനവും നാട്ടിലെ കലാ-കായിക ക്ലബുകളിലെ സജീവ സാന്നിദ്ധ്യവും ചെറുപ്പത്തിൽ തന്നെ ഡേവിഡിനെ നാട്ടുകാർക്ക് പ്രിയങ്കരനാക്കി. കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളേജിൽ നിന്ന് പ്രീഡിഗ്രി പൂർത്തിയായപ്പോഴേക്കും സർക്കാർ ജോലി എന്ന തന്റെ ജീവിത അഭിലാഷത്തിലേക്കുള്ള നടത്തം അവൻ ആരംഭിച്ചിരുന്നു. സർക്കാർ സ്കൂളിലെ ഏറ്റവും താഴ്ന്ന തസ്തികയിൽ ജോലി ചെയ്ത് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് തന്റെ പഠനത്തിനും സഹോദരിയെ വിവാഹം ചെയ്ത് അയക്കുതിനുമായി അച്ഛൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അവനെ എല്ലായ്പ്പോഴും അസ്വസ്ഥനാക്കിയിരുന്നു. തന്നെകൊണ്ട് കഴിയുന്ന ചെറിയ ജോലികൾ ചെയ്ത് അച്ഛനെ സഹായിക്കുതിന് അതുകൊണ്ട് തന്നെ അവന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ജോലിയും പഠനവും സൃഷ്ടിച്ച വിരസതകളിൽ എപ്പോഴോ ആണ് കൗമാര പ്രായത്തിലുള്ള ഏതൊരാളിന്റെയും മനസ്സിൽ തോന്നാവുന്ന കൗതുകങ്ങൾ അവനിലുമുണ്ടായത്. 17 കാരിയോടുള്ള പ്രണയം അവളുടെ വീട്ടിൽ അറിഞ്ഞ ദിവസം മുതൽ ഇരുവീടുകളിൽ നിന്നും എതിർപ്പുകളുടെ ഘോഷയാത്രയായിരുന്നു. ഇനി പ്രണയ സാഫല്യത്തിനുള്ള ഏകമാർഗ്ഗം ഒളിച്ചോട്ടമാണെന്ന് സുഹൃത്തുക്കളും സിനിമ കഥകളും പകർന്ന ഉൾകാഴ്ചയിൽ അവർക്ക് മറിച്ചൊരു തീരുമാനം ഉണ്ടായിരുന്നില്ല. തെക്ക് നിന്ന് വടക്കോട്ടുള്ള ഒളിച്ചോട്ടയാത്ര ഒടുവിൽ പോലീസ് വിരിച്ച വലയിൽ കാസർഗോഡ് അവസാനിച്ചപ്പോഴേക്കും അവളിലെ പ്രണയം ഭയത്തിന് വഴിമാറിയിരുന്നു. നിയമം നിയമത്തിന്റെ വഴിയെ സഞ്ചരിച്ചപ്പോൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയതിന് 19 കാരനായ ഡേവിഡിനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. റിമാൻഡ് കഴിഞ്ഞ് ജയിലിൽ നിന്ന് ഡേവിഡ് ജാമ്യത്തിലിറങ്ങിയപ്പോൾ അതുവരെ സ്വന്തമെന്ന്കരുതിയിരുന്ന വീട്ടുകാരും നാട്ടുകാരും അവന് പെട്ടെന്ന് അപരിചിതരായി മാറി. മജിസ്ട്രേറ്റ് കോടതിയുടെ ഇടനാഴികളിൽ അനുഭവിച്ച വീർപ്പുമുട്ടലുകൾക്കൊടുവിൽ കിട്ടിയ നാല് വർഷത്തെ തടവ് ശിക്ഷ, ജീവിതം അവസാനിപ്പിക്കുതിനെ കുറിച്ചല്ലാതെ മറ്റൊന്നും ആലോചിക്കുതിന് അവനെ പ്രേരിപ്പിച്ചിരുന്നില്ല. പക്ഷേ അമ്മയുടെ ദയനീയ മുഖം അവനെ അശക്തനാക്കി. അവൻ ഏറെ ആഗ്രഹിച്ച സർക്കാർ ജോലികൾക്കായി എഴുതിയ പല പരീക്ഷകളുടെയും ഫലം അപ്പോഴേക്കും അറിഞ്ഞ് തുടങ്ങിയിരുന്നു. കഠിന പ്രയത്നം കൊണ്ട് പല റാങ്ക് പട്ടികകളിലും ഇടം പിടിച്ചെങ്കിലും കേസിലെ ശിക്ഷാവിധി അവനെ അയോഗ്യനാക്കി. പോലീസ്, ഫയർഫോഴ്സ്, ചലച്ചിത്ര വികസന കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള നിയമനത്തിനുള്ള അഡ്വൈസ് മെമ്മോകൾ അവനെ നോക്കി കൊഞ്ഞനം കുത്തി. ഒരുപാട് മോഹിച്ച സർക്കാർ ജോലിയും പ്രാണനെപോലെ സ്നേഹിച്ച പെണ്ണും തന്നിൽ നിന്നും അകന്ന് പോകുന്നത് ഹൃദയ വേദനയോടെ നോക്കി നില്ക്കാനെ അവന് കഴിഞ്ഞുള്ളൂ.

കീഴ് കോടതിയുടെ ശിക്ഷാ വിധിക്ക് എതിരെ ഹൈക്കോടതിയിൽ അപ്പീൽ പോകുമ്പോൾ അത് അവസാന കച്ചിതുരുമ്പാകുമെന്ന് അവൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അവസാന വിധി പറയുതിന് മുൻപായി ഹൈക്കോടതി പ്രൊബേഷൻ ഓഫീസറിൽ നിന്ന് അന്വേഷണ റിപ്പോർട്ട് തേടുന്നത് എന്തിനാണെന്ന് പോലും അവന് അറിയില്ലായിരുന്നു. കുറ്റവാളിയായി കണ്ടെത്തിയ ആളുടെ ശിക്ഷ ഉപാധികളോടെ ഒഴിവാക്കി ജയിലിലേക്ക് അയക്കാതെ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിന് വിധേയമാക്കി മോചിപ്പിക്കുവാൻ കോടതിക്ക് അധികാരം നൽകുന്ന 1958 ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ടിനെ കുറിച്ച് പറഞ്ഞപ്പോൾ അവന്റെ കണ്ണുകളിൽ പ്രതീക്ഷയുടെ നേരിയ പ്രകാശം കണ്ടിരുന്നു. കേരള ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച് പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രകാരമുള്ള പ്രാഥമിക അന്വേഷണത്തിൽ, കുറ്റകൃത്യത്തിന്റെ പ്രകൃതം, കുറ്റവാളിയുടെ പ്രായം, മുൻകാല ചരിത്രം, കുടുംബ-സാമൂഹ്യ സാഹചര്യം, പുരോഗമന സാധ്യത എന്നിവ വിശദമായി വിലയിരുത്തിയപ്പോൾ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിൻ കീഴിൽ വിടുതൽ ചെയ്യപ്പെടുവാൻ എല്ലാവിധ യോഗ്യതയും ഡേവിഡിന് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിരുന്നു. തടവറയിൽ അകപ്പെടാതെ കുടുംബ-സാമൂഹ്യ ജീവിതത്തിന്റെ തുടർച്ച സംരക്ഷിക്കപ്പെട്ടതിലുള്ള ആശ്വാസവും അതേസമയം നിരീക്ഷണ വേളയിൽ വീണ്ടും നിയമലംഘനം നടത്തിയാൽ ശിക്ഷ ലഭിക്കുമെന്ന ഭയവും ചേർന്ന് രൂപപ്പെടുത്തുന്ന മനോഭാവം, കുറ്റവാളിയുടെ സ്വഭാവ പരിവർത്തനത്തിന് ഉതകുമെന്നത് ഡേവിഡിന്റെ കാര്യത്തിൽ അക്ഷരാർത്ഥത്തിൽ ശരിയാകുകയായിരുന്നു. പ്രൊബേഷൻ സംവിധാനത്തിന്റെ കീഴിലുള്ള മൂന്ന് വർഷത്തെ നിരീക്ഷണ കാലയളവ് അവനിൽ ആത്മവിശ്വാസവും നേരായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാനുള്ള കരുത്തും പകർന്ന് നൽകി. കീഴ്ക്കോടതിയുടെ തടവ് ശിക്ഷാ വിധി സർക്കാർ ജോലി നേടുതിൽ നിന്ന് ഡേവിഡിനെ തടഞ്ഞപ്പോൾ ആയത് ഒഴിവാക്കികൊണ്ട് ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള നല്ല നടപ്പ് (പ്രൊബേഷൻ) അവന്റെ എല്ലാ അയോഗ്യതകളും നീക്കി. ഇന്ന് അയാൾ കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർ ആയി ജോലി നോക്കുന്നു, വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമായ ഡേവിഡ് സന്തുഷ്ട കുടുംബജീവിതമാണ് നയിക്കുന്നത്.

കുറ്റവും ശിക്ഷയുമെന്ന പരമ്പരാഗത സങ്കല്പത്തിൽ നിന്ന് വ്യത്യസ്തമായി കുറ്റവാളിയുടെ പരിവർത്തനത്തിനാണ് ആധുനിക കുറ്റകൃത്യശാസ്ത്രം പ്രാധാന്യം നൽകുന്നത്. കുറ്റവാളികളുടെ പരിവർത്തനത്തിനും പുനരധിവാസത്തിനുമുള്ള സ്ഥാപനേതര സമ്പ്രദായമെന്ന നിലയിൽ പല വികസിത രാജ്യങ്ങളിലും പ്രൊബേഷൻ സംവിധാനം വളരെ പ്രാധാന്യത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്. എല്ലാത്തരം കുറ്റവാളികളും ജയിലിൽ എത്തുന്നത് കുറ്റവാളിക്കോ സമൂഹത്തിനോ ഗുണകരമായിരിക്കില്ലയെന്ന ആശയത്തിൽ അധിഷ്ഠിതമായ ബദൽ സംവിധാനമാണിത്. യുവ കുറ്റവാളികളെയും ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെടാനിടയുള്ളവരെയും തടവ് ശിക്ഷയ്ക്ക് വിധേയമാക്കിയാൽ അവർ കഠിന കുറ്റകൃത്യങ്ങൾ ചെയ്ത കുറ്റവാളികളുമായി ചങ്ങാത്തത്തിലേർപ്പെടുന്നതിനുള്ള സാധ്യതയേറെയാണ്. അതുവഴി സ്വായത്തമാക്കുന്ന നേരല്ലാത്ത വഴികൾ അവരെ വീണ്ടും അഴികൾക്കുള്ളിൽ എത്തിക്കും. മാത്രമല്ല ജയിൽവാസം മൂലം ചാർത്തികിട്ടുന്ന 'ജയിൽപുള്ളി' എന്ന വിളിപേര് കുറ്റവാളിയുടെ സാമൂഹ്യ പുന-സംയോജനത്തെ പ്രതികൂലമായി ബാധിക്കും. മാത്രമല്ല അവരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന മുറിവുണങ്ങുവാൻ കാലങ്ങളെടുക്കും. ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ പ്രൊബേഷൻ സമ്പ്രദായത്തിന് കഴിയും.

ജീവപര്യന്തം തടവോ വധശിക്ഷയോ ലഭിക്കാനിടയുള്ളവരും ചില പ്രത്യേക നിയമങ്ങൾ മൂലം അയോഗ്യരാക്കപ്പെട്ടവരുമൊഴിച്ച് പ്രായഭേദമില്ലാതെ മറ്റെല്ലാ കുറ്റവാളികളേയും പ്രൊബേഷൻ നിയമ പ്രകാരം കൈകാര്യം ചെയ്യുന്നതിന് ഉചിതമാണോ എന്ന് കോടതിക്ക് പരിശോധിക്കാവുന്നതാണ്. 18-21 വയസ്സ് പ്രായമുള്ള യുവകുറ്റവാളികളെ പ്രൊബേഷന് പരിഗണിക്കാതെ ജയിൽശിക്ഷയ്ക്ക് വിധേയമാക്കുന്നത് പ്രസ്തുത നിയമത്തിലൂടെ നിയന്ത്രിച്ചിരിക്കുന്നു. എന്നാൽ കൊലപാതകം, ബലാത്സംഗം തുടങ്ങിയ ഗുരുതര കുറ്റകൃത്യത്തിൽ ഏർപ്പെടുവരും സ്ഥിരം കുറ്റവാളികളും പ്രൊബേഷൻ നിയമം പ്രദാനം ചെയ്യുന്ന സ്ഥാനപനേതര തിരുത്തൽ പ്രക്രിയക്ക് അർഹരല്ല. കുറ്റവാളികളുടെ പരിവർത്തനവും സാമൂഹ്യ പുനരധിവാസവും ലക്ഷ്യം വെക്കുന്ന പ്രൊബേഷൻ, ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ഏറ്റവും മാനവികവും ധാർമ്മികവുമായ മുഖമാണ്. കുറ്റവാളികളുടെ സ്ഥാപനേതര പരിവർത്തന-പുനരധിവാസമെന്നത് അനുയോജ്യരായ കുറ്റവാളികൾക്കുള്ള നിയമപരമായ അവസരം മാത്രമല്ല, കുറ്റകൃത്യങ്ങളുടെ ദുരിതത്തിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതിനുള്ള സമൂഹത്തിന്റെ മൊത്തത്തിലുള്ള അവകാശമായി കാണേണ്ടതുണ്ട്.

കെ.എസ്.ആർ.ടി.സി ഡ്രൈവറായ ഡേവിഡും, വില്ലേജ് അസിസ്റ്റന്റായ അജിമോനും, എക്സൈസ് ഓഫീസറായ ഹരികൃഷ്ണനും നല്ലനടപ്പ് നിയമം ജീവിതത്തിലുണ്ടാക്കിയ ഗുണപരമായ മാറ്റത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണ്. എന്നാൽ പ്രൊബേഷൻ നിയമത്തിന്റെ പരിരക്ഷക്ക് അർഹരായ പലർക്കും പലവിധകാരണങ്ങളാൽ ആയത് ലഭിക്കുന്നില്ല എന്ന് സങ്കടകരമായ വസ്തുതയാണ്. കുറ്റവാളികളുടെ സ്വഭാവ പരിവർത്തനത്തിനും പുനരധിവാസത്തിനുമുള്ള സ്ഥാപനേതര സമ്പ്രദായമെന്ന നിലയിൽ പ്രൊബേഷൻ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ജുഡീഷ്യറിയെയും ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിലെ ഇതരവിഭാഗങ്ങളെയും ശക്തിപ്പെടുത്തണമെന്നും പ്രൊബേഷന്റെ പ്രത്യേക മേന്മ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കേണ്ടതുണ്ടെന്നും യശശരീരനായ ജസ്റ്റിസ്.വി.ആർ.കൃഷ്ണയ്യരുടെ പ്രസ്താവന ഏറെ പ്രസക്തമാണ്. കുറ്റകൃത്യത്തിന്റെ പ്രകൃതമോ കുറ്റവാളിയുടെ പ്രായമോ എന്ത് തന്നെ ആയാലും അതൊന്നും പരിഗണിക്കാതെ കഠിന ശിക്ഷ ലഭിക്കുമ്പോൾ മാത്രമാണ് നീതി നടപ്പിലാക്കപ്പെടുന്നത് എന്ന ധാരണ പുരോഗമനപരമല്ലാത്തതും തിരുത്തപ്പെടേണ്ടതുമാണ്. ഇത്തരം പൊതുധാരണകളുടെ ഭൂമികയിലാണ് പ്രൊബേഷൻ സമ്പ്രദായം വിവിധ തലങ്ങളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വേരാഴ്ന്നുനിൽക്കുന്നത്. അത്തരം ബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിനായി സാമൂഹ്യ നീതി വകുപ്പ് **'നേർവഴി പദ്ധതി'** ആവിഷ്ക്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ പൈലറ്റ് ഘട്ട പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞത് ഏറെ പ്രതീക്ഷനൽകുന്നു. ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിലെ വിവിധ വിഭാഗങ്ങളുടെ പിന്തുണയും, സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് സഹായകരമാകും. പൈലറ്റ് ഘട്ട പദ്ധതി വിജയത്തിന്റെ അടിസ്ഥാനത്തിൽ **'നേർവഴി പദ്ധതി'** എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള സാമൂഹ്യ നീതി വകുപ്പിന്റെ തീരുമാനം നടപ്പിലാവുന്നതോടെ സ്ഥാപനേതര സംവിധാനം മുഖേനെ തിരുത്തപ്പെടുന്നതിനുള്ള അനുയോജ്യമായ കുറ്റവാളികളുടെ നിയമപരമായ അവസരം സംരക്ഷിച്ച് കൊണ്ട് സമൂഹത്തിൽ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പുത്തൻ മാതൃക സൃഷ്ടിച്ച ആദ്യ സംസ്ഥാനമായി കേരളം മാറും.

അജിത് എ.ഒ
(മുൻ സ്പെഷ്യൽ ഓഫീസർ നേർവഴി പദ്ധതി)
ജില്ലാ പ്രൊബേഷൻ ഓഫീസർ, പത്തനംതിട്ട

## അവാർഡ്

**മികച്ച അങ്കണവാടി വർക്കർക്കുള്ള ദേശീയ പുരസ്ക്കാരം കേന്ദ്രമന്ത്രി ശ്രീമതി മനേക ഗാന്ധിയിൽ നിന്നും ഏറ്റുവാങ്ങുന്ന കൊല്ലം ജില്ലയിലെ അഞ്ചൽ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ ശ്രീമതി പ്രിയ കുമാരി, അംഗൻവാടി സെന്റർ നമ്പർ.115**



## "ദിശ പദ്ധതി" മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കും : മന്ത്രി.കെ.കെ. ശൈലജ ടീച്ചർ

### ദിശ പദ്ധതി–പരിശീലന പരിപാടി
### 2017 ജനുവരി 27–31 – ഒരു റിപ്പോർട്ട്

സാമൂഹിക നീതി വകുപ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ലക്ഷ്യഗ്രൂപ്പിൽപ്പെട്ട പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും വിഷമകരമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്നതുമായ കുട്ടികളുടെ കലാ കായിക രംഗങ്ങളിലെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി പത്തനംതിട്ട ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണ് ദിശ. വിഷമകരമായ ജീവിത സാഹചര്യത്തിലുള്ള കുട്ടികളുടെ കലാ കായിക അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായിട്ടുള്ള ദിശ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും അനാഥാലയങ്ങളിൽ നിന്നുമായി 150 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലന പരിപാടി 2017 ജനുവരി മാസം 27 മുതൽ 31 വരെ കോഴഞ്ചേരിയിൽ നടന്നു. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ കലാകായിക കഴിവുകൾ വളർത്തുന്നതിനുള്ള ദിശ പദ്ധതി മറ്റു ജില്ലകളിലേക്കും ഉടൻ വ്യാപിപ്പിക്കുമെന്ന് ഉപഹാര വിതരണ സമ്മേളനത്തിൽ പങ്കെടുത്ത മന്ത്രി കെ.കെ. ശൈലജ ടീച്ചർ അറിയിച്ചു. ആറൻമുള എം.എൽ.എ വീണാ ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോഴഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.അനിൽ കുമാർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ സൂസമ്മ മാത്യു എന്നിവർ പ്രസംഗിച്ചു.



ദിശപദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പരിശീലനപരിപാടിയുടെ സമാപന സമ്മേളനത്തിൽ ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി കുട്ടികൾക്ക് അവാർഡ് നൽകുന്നു.

ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, അത്‌ലറ്റിക്സ് തുടങ്ങി വിവിധ ഇനങ്ങൾ സംബന്ധിച്ച ക്ലാസുകളും പരിശീലനവും നടത്തി. ദ്രോണാചാര്യ അവാർഡ് ജേതാവ് കെ.പി.തോമസ്, മുൻ രാജ്യാന്തര ഫുട്ബോൾ താരം പി.ടി. ചാക്കോ, ദേശീയ വോളിബോൾ താരം രാജീവ്, അർജുന അവാർഡ് ജേതാവ് ജോസഫ് ജി എബ്രഹാം, ലീഗൽ സർവ്വീസ് അതോറിറ്റി സബ് ജഡ്ജ് ആർ. ജയകൃഷ്ണൻ എന്നിവർ ക്ലാസുകൾ നയിച്ചു. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകരായ നവാസ് വഹാബ്, ബിജു മാത്യു, മുരുകരാജ്, ഗോപാലകൃഷ്ണ പിള്ള കെ.എ, വിൽസ റൊസ്സാരിയോ, ഗോകുൽ.എസ്.ആനന്ദ്, അവിനാഷ് കുമാർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. അടൂർ എം.എൽ.എ ശ്രീ. ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പത്തനംതിട്ട എം.പി. ആന്റോ ആന്റണി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അന്നപൂർണ്ണാദേവി, ജില്ലാ കളക്ടർ ആർ ഗിരിജ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എ.ഒ.അബീൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

150 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമും കായികക്ഷമതാ പരിശോധനയും 2017 ഫെബ്രുവരി 22–ാം തീയതി നടത്തപ്പെട്ടു. അടുത്ത അദ്ധ്യയന വർഷം സ്പോർട്സ് സ്കൂളിൽ 8,9 ക്ലാസുകളിലേക്ക് പ്രവേശനം കിട്ടുവാൻ സാധ്യതയുള്ള കുട്ടികളാണ് ഓറിയന്റേഷൻ പ്രോഗ്രാമിലും കായികക്ഷമതാ പരിശോധനയിലും അഭിമുഖത്തിലും പങ്കെടുത്തത്. ഓറിയന്റേഷൻ പ്രോഗ്രാമിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അനിൽ കുമാർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എ.ഒ. അബീൻ, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. കായികക്ഷമതാ പരിശോധനയിലും അഭിമുഖത്തിലും പരിശീലകരായ സോമൻ ബാബു, തങ്കച്ചൻ പി ജോസഫ്, ഡിസിപിയു ജീവനക്കാരായ വിൻരാജ്.കെ.ആർ, രഞ്ജിത്ത് എം.ആർ, നീതു പ്രസാദ് എിവർ നേതൃത്വം നല്കി

## 'ആരാണ് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി' , എന്താണ് 'കാവൽ' പദ്ധതി

പ്രമാദമായ ഡൽഹി കേസിലേക്ക് പോവാം..എട്ടാംവയസിൽ നഗര ചേരിയിലെ കൂരയിൽ നിന്നും ഇറങ്ങിപ്പോയതായിരുന്നുആ പയ്യൻ. തുടർന്ന് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ ആക്രി പെറുക്കിജീവിക്കാൻ ശ്രമിച്ചു ആ കുട്ടി. ഓരോ നഗരവും അവന് നൽകിയത് അടിയും, ഇടിയും പിടിച്ചുപറിയും ആയിരുന്നു. പലരും അവന് മുകളിൽ കാമം തീർത്തു. അവൻ പെറുക്കിയ ആക്രി സാധനങ്ങൾ പോലും തട്ടിയെടുക്കപ്പെട്ടു. ഒരിടത്തും ഒരു സുരക്ഷയും നാം അവന് നൽകിയില്ല. ഡൽഹിയിൽ എത്തിയതിന് ശേഷവും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പലയിടങ്ങളിൽ പല പണി, ഹോട്ടൽ, ദാബ, തുകൽ ഫാക്ടറി അങ്ങനെ......അങ്ങനെ........ ഭക്ഷണം കിട്ടാനായി അടിമപ്പണിവരെ ചെയ്തു. അവസാനമാണ് ആ ട്രക്കിലെ പണി തുടങ്ങിയത്. ശാരീരികമായും ലൈംഗികമായും ജീവിതത്തിൽ തനിക്ക് കിട്ടിയ മുറിവുകളും വേദനകളും ഒന്നൊഴിയാതെ തിരിച്ചുകൊടുക്കുവാനുള്ള അവസരമായാണവൻ അത് ഉപയോഗിച്ചിട്ടുണ്ടാകുക.

ബാക്കിയെല്ലാം ചരിത്രം അതു വരെ (അവനെപ്പോലെ ലക്ഷങ്ങൾ) തിരിഞ്ഞുനോക്കാത്ത ഞാനും നീയും പൊതു സമൂഹവും നിയമസംവിധാനവും ഒന്നാകെ അവന്റെ രക്തത്തിനായി തെരുവിലിറങ്ങി. ഞാൻ ഭക്ഷണവും വെള്ളവുമില്ലാതെ ചേരിയിലെ കൂരയിൽ കഴിഞ്ഞപ്പോൾ തെരുവായ തെരുവുകളിൽ ആർത്തനാദം മുഴക്കിയപ്പോൾ തന്നെ ലൈംഗിക തൃഷ്ണയ്ക്ക് ഉപയോഗിച്ചപ്പോൾ, സാമ്പത്തികമായി ചൂഷണം ചെയ്തപ്പോൾ നിങ്ങളൊക്കെ എവിടെയായിരുന്നു എന്നവൻ ചോദിച്ചുകാണും...അതെല്ലാം വനരോദനമായി.....

ദുരിതങ്ങളിൽ നിന്നും ദുരിതങ്ങളിലേക്കുള്ള യാത്രയിൽ നിയമങ്ങളെ വെല്ലുവിളിക്കുന്നവരായിതീരുകയാണ് 99% നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളും. അഥവാ അവർ അവരായി ജനിക്കുകയല്ല, പരിണമിക്കുകയാണ്. അവരെയാണ് നമ്മുടെ പത്രങ്ങൾ കുട്ടിക്കുറ്റവാളികൾ'എന്നൊക്കെ വിളിച്ചാക്ഷേപിക്കുന്നത് ദുരിതം അനുഭവിക്കുന്ന കുട്ടികളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി ജില്ലാ ശിശുസംരക്ഷണ യൂണിറ്റിനേയോ 1098 എന്ന ചൈൽഡ് ലൈൻ നമ്പറിലോ അറിയിക്കുക എന്നതാണ് ഒരു കുട്ടിയ്ക്കുപോലും കേസിൽ പോലും പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ നമുക്ക് ചെയ്യാൻ കഴിയുക. നേരിട്ട് ശിശുക്ഷേമ സമിതി (ചൈൽഡ് വെൽഫെയർ കമ്മിറ്റി) ക്കു മുമ്പിൽ ഹാജരാക്കിയും സഹായിക്കാം. ഒരു ചെറിയ കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യത്തിൽത്തന്നെ പോലീസ് വഴി ബാലനീതി ബോർഡിന് മുന്നിൽ എത്തിക്കുന്നതും സമഗ്രമായ ഇടപെടൽ സാധ്യമാക്കും.

# എന്താണ് കാവൽ പദ്ധതി ?

ഒരു കുട്ടിക്കെതിരെ പോലീസ് കേസെടുത്താൽ കുട്ടിയെ ബാലനീതി ബോർഡിന് മുമ്പിലാണ് ഹാജരാക്കുക. ഏത് കേസിലും കുട്ടിക്ക് ജാമ്യം നൽകണമെന്നാണ് നിയമം. ആരും ജാമ്യം എടുക്കാൻ ഇല്ലാത്ത സാഹചര്യത്തിലോ ജാമ്യം കൊടുത്താൽ കുട്ടി ഉപദ്രവിക്കപ്പെടുകയോ കുട്ടിയാൽ മറ്റാരെങ്കിലും ഉപദ്രവിക്കപ്പെടുകയോ ചെയ്യും എന്ന സാഹചര്യത്തിലോ, കുട്ടിയെ താൽക്കാലികമായി നിരീക്ഷണാലയത്തിൽ (ഒബ്സർവേഷൻ ഹോം) താമസിപ്പിക്കും. അപൂർവ്വത്തിൽ അപൂർവ്വം കേസിൽ പെട്ട കുട്ടികളെ മാത്രമെ ഇവിടെ താൽക്കാലികമായി പാർപ്പിക്കേണ്ടിവരാറുള്ളു എന്നർത്ഥം (2017 ജനുവരി 31 ന്റെ കണക്കനുസരിച്ച് 318 കുട്ടികളിൽ 35 പേർ മാത്രമാണ് 14 നിരീക്ഷണാലയങ്ങളിലായി കേരളത്തിലുള്ളത്) കേസിൽപ്പെട്ട സാഹചര്യത്തിലേക്കുതന്നെ മടങ്ങിപോകുന്ന കുട്ടിയെ ശ്രദ്ധിക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ്. പക്ഷെ നിർത്തലാക്കിയ 500 രൂപ നോട്ടുപോലെയാകും പലപ്പോഴും കേസിൽപ്പെട്ട കുട്ടിയുടെ നാട്ടിലെ സ്ഥിതി. നമ്മുടെ കുട്ടികളെ ആരെയും നാം അവനുമായി / അവളുമായി അടുക്കാൻ സമ്മതിക്കില്ല. ബന്ധുക്കളും പലപ്പോഴും കുട്ടിയെ അംഗീകരിക്കില്ല. അവന് / അവൾക്ക് കൂട്ടായ് കിട്ടുക മുതിർന്ന കുറ്റവാളികളെയാണ്. കുട്ടിയുടെ ഭാവിജീവിതം നരകമാകുവാൻ വേറെ എന്തുവേണം. നാം ഇടപെട്ടില്ലെങ്കിലും നമ്മുടെ നാട്ടിലുള്ള ഇത്തരം കുട്ടികൾ പലരും നാളെ ജയിലിൽ ആയേക്കും

പല കാരണങ്ങൾകൊണ്ട് കേസിൽപ്പെട്ട കുട്ടികളെ നിരന്തരമായ ഇടപെടലുകളിലൂടെ തിരികെ സാമൂഹ്യജീവിയാക്കേണ്ടതുണ്ട്. അതിനായി സാമൂഹ്യനീതി വകുപ്പും നിംഹാൻസും സംയുക്തമായി സന്നദ്ധ സംഘടനയുടേയും മറ്റ് സർക്കാർ വകുപ്പുകളുടേയും സഹകരണത്തിലൂടെ നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ. പൊതുസമൂഹംകൂടി ഏറ്റെടുത്താലെ ഇത്തരം ഒരു പദ്ധതി പൂർണ്ണവിജയത്തിൽ എത്തിക്കാൻ കഴിയൂ. സമൂഹത്തിൽ നിൽക്കുന്ന നിയമവുമായി പൊരുത്തപ്പെടാത്ത ഓരോ കുട്ടിയേയും പരിശീലനം ലഭിച്ച ഒരു കൂട്ടം വ്യക്തികളുടെ ദൈനംദിനം സമ്പർക്കത്തിലൂടെ ശാക്തീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**കെ.കെ. സുബൈർ**
**ജില്ലാ ശിശുസംരക്ഷണ പദ്ധതി ആഫീസർ**
**തിരുവനന്തപുരം**



**കാവൽ പദ്ധതിയുടെ ഉദ്ഘാടനം 2017 ഫെബ്രുവരി 20-ാം തീയതി ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു.**

# തൊഴിൽസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയൽ നിയമം - 2013

### ഭാരതത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടവയാണ്

1. നിയമത്തിന് മുൻപാകെയുള്ള സമത്വം (അനുച്ഛേദം 14)
2. മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ ജനനസ്ഥലമോ കണക്കാക്കിയുള്ള വിവേചനത്തിന്റെ നിരോധനം (അനു. 15)
3. ഏതെങ്കിലും തൊഴിലോ ബിസിനസ്സോ നടത്തുകയോ ചെയ്യുന്നതിനും (അനു. 19)
4. ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം (അനു. 21) തുടങ്ങിയവ സ്ത്രീകൾക്കെതിരെ നടത്തപ്പെടുന്ന ലൈംഗികാതിക്രമങ്ങൾ സുരക്ഷിതമായ പരിതസ്ഥിതിയിൽ തൊഴിലെടുക്കുന്നതിന് ഭരണഘടന വിഭാവനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണ്. കൂടാതെ ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള സംരക്ഷണവും, അന്തസ്സോടെ തൊഴിലെടുക്കാനുള്ള അവകാശവും മനുഷ്യാവകാശങ്ങളായി ഇന്ത്യകൂടി പങ്കാളിയായിട്ടുള്ള വിവിധ അന്താരാഷ്ട്ര ഉടമ്പടികളിൽ ആഗോളതലത്തിൽതന്നെ അംഗീകരിക്കപ്പെട്ടതാണ്.

സ്ത്രീകൾക്കെതിരെ തൊഴിൽസ്ഥലങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ഇന്ത്യയിൽ ഒരു ഏകീകൃത മാനദണ്ഡമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി (വിശാഖ vs സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ) എന്ന കേസിൽ 1997ൽ ഇത്തരം പരാതികൾ കൈകാര്യം ചെയ്യുവാൻ ഒരു പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്.

2013-ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വരുത്തുകയും ചെയ്ത 2013ലെ സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വിമെൻ അറ്റ് വർക്ക് പ്ലെയ്സ് (പ്രിവെൻഷൻ, പ്രൊഹിബിഷൻ & റിഡ്രസ്സൽ) ആക്ട് ഇത്തരം പരാതികൾ നേരിടുന്നതിനു ദേശീയതലത്തിലുള്ള സമഗ്ര നിയമമാണ്.

സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ഭരണവകുപ്പ് സാമൂഹ്യനീതിവകുപ്പും ജില്ലകളിൽ ജില്ലാ കളക്ടർമാരുമാണ്.

**ഈ നിയമത്തിന്റെ പ്രധാന സവിശേഷതകൾ ഇവയാണ് :**

1. 10 ഓ അതിൽ കൂടുതലും പേർ തൊഴിലെടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ നിർബന്ധമായും രൂപീകരിക്കേണ്ടതാണ്.
2. 10 ൽ കുറവ് പേർ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിലെയും തൊഴിലുടമക്കെതിരെയുള്ള പരാതികളും പരിഗണിക്കുന്നതിനു ജില്ലാതലത്തിൽ ലോക്കൽ കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിക്കണം.
3. തൊഴിൽ സ്ഥലം എന്നതിന് നൽകപ്പെട്ട വിശാലവും വ്യക്തവുമായ നിർവ്വചനം.
4. കംപ്ലയിന്റ് കമ്മിറ്റികളിൽ പകുതിയിൽ കുറയാതെയുള്ളസ്ത്രീ പങ്കാളിത്തവും സ്ത്രീ സൗഹൃദ നടപടിക്രമങ്ങളും, പരാതിക്കാരുടെ ആവശ്യാർത്ഥം ട്രാൻസ്ഫറോ എതിർകക്ഷിയ്ക്കോ സ്ഥലം മാറ്റം നൽകുക, പരാതിക്കാരിക്ക് 3 മാസംവരെ അവധി ലഭ്യമാക്കുക തുടങ്ങിയ സൗകര്യങ്ങൾ.
5. പരാതിക്കാരിക്ക് നേരിട്ടോ ആയതിന് കഴിയാതെവന്നാൽ അടുത്ത വ്യക്തികൾക്കോ പരാതി നൽകുവാനുള്ള സംവിധാനം.
6. പരാതിയിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് മുമ്പ് ഉഭയസമ്മത പ്രകാരമുള്ള തീർപ്പിന് അവസരം. എന്നാൽ സാമ്പത്തിക സഹായം നൽകിയുള്ള ഒത്തുതീർപ്പ് അനുവദനീയമല്ല.
7. നടപടിക്രമങ്ങൾ പരസ്യമാക്കുന്നതിൽ നിന്നുള്ളസംരക്ഷണം. വിവരാവകാശ നിയമപ്രകാരവും വിവരങ്ങൾ ലഭ്യമാക്കേണ്ടതില്ല.

## തൊഴിലുടമകളുടെ ചുമതലകൾ

1. തന്റെ സ്ഥാപനത്തിൽ ജീവനക്കാർക്ക് സുരക്ഷിതമായ പ്രവർത്തനസാഹചര്യം ഒരുക്കി നൽകുക.
2. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവും ലൈംഗികാതിക്രമങ്ങൾ നടത്തുന്നവർക്കുള്ള ശിക്ഷയും വ്യക്തമാക്കിയുള്ള ബോർഡ് പ്രദർശിപ്പിക്കുക.
3. നിയമത്തെക്കുറിച്ച് ജീവനക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുക. ഇന്റേണൽ കമ്മിറ്റി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക.
4. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾക്ക് പരാതികളിൽ നടപടി സ്വീകരിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയും കമ്മിറ്റി മുമ്പാകെ എതിർകക്ഷികളുടെയും സാക്ഷികളുടെയും സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും സഹായിക്കുക.
5. പരാതിയിന്മേൽ ലഭ്യമായ വിവരം ബന്ധപ്പെട്ട കംപ്ലയിന്റ്സ് കമ്മിറ്റിക്ക് കൈമാറുക.
6. പരാതിക്കാരിയായ സ്ത്രീ മറ്റേതെങ്കിലും നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം ആയതിന് ആവശ്യമായ സഹായം ലഭ്യമാക്കുക.
7. കുറ്റം ചെയ്തയാൾ സ്ഥാപനത്തിലെ ജീവനക്കാരനല്ലായെങ്കിൽ പരാതിക്കാരി ആഗ്രഹിക്കുന്ന പക്ഷം ടിയാനെ നടപടിയ്ക്ക് വിധേയനാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.
8. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ യഥാസമയം റിപ്പോർട്ട് സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
9. ലൈംഗികാതിക്രമങ്ങൾ സർവ്വീസ് ചട്ടപ്രകാരം സ്വഭാവ ദൂഷ്യമായിക്കണ്ട് ആയതിന് നടപടി സ്വീകരിക്കുക.

ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിക്കാതിരിക്കുന്നതും കമ്മിറ്റി റിപ്പോർട്ടിൽ നടപടി സ്വീകരിക്കാതിരിക്കുന്നതും വ്യാജപരാതി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതും മറ്റും തൊഴിലുടമയ്ക്കെതിരായ ശിക്ഷാർഹമായ കുറ്റങ്ങളാണ്. കുറ്റം ആവർത്തിക്കപ്പെടുകയാണെങ്കിൽ ഇരട്ടി ശിക്ഷയും മറ്റ് നടപടികളും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

ബന്ധപ്പെട്ട സർക്കാരുകൾക്ക് പൊതുതാൽപര്യം മുൻനിർത്തിയോ, തൊഴിലെടുക്കുന്ന സ്ത്രീകളുടെ താൽപര്യം മുൻനിർത്തിയോ ഏതൊരു തൊഴിലുടമയോടും ജില്ലാ ആഫീസറോടും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ചുള്ള രേഖാമൂലമുള്ള റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും അതുപോലെ ലൈംഗികാതിക്രമം നടന്ന സ്ഥലവും രേഖകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏതൊരു ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്താവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ടവർ ആവശ്യപ്പെട്ടാലുടൻ രേഖകൾ ഹാജരാക്കേണ്ടതാണ്.

കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി ഇന്ത്യയിൽ സ്ത്രീകളുടെയും കുട്ടികളുടെയും മേഖലയിൽ പുരോഗമനപരമായ ഒട്ടേറെ നിയമങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. ഇതിൽ അവസാനത്തെ കണ്ണികളിൽ ഒന്നായി രൂപംകൊണ്ട് ഈ നിയമം ഈ മേഖലയിലെ ശക്തമായ ഒരു ചുവടുവയ്പായി കരുതാവുന്നതാണ്.

ബി. പ്രതാപചന്ദ്രൻ
ലോ ആഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

## കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം പുതിയ കെട്ടിട ഉദ്ഘാടനം

1962ൽ ജയിൽ വകുപ്പിന്റെ ഉത്തരവാദിത്വത്തിലാണ് കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം തിരുവഞ്ചൂരിൽ പ്രവർത്തനം ആരംഭിച്ചത്. 1980ൽ സ്ഥാപനം സാമൂഹ്യനീതി വകുപ്പിന് കൈമാറി. തിരുവഞ്ചൂരിലെ പ്രശാന്തസുന്ദരമായ ഗ്രാമത്തിൽ മൂന്നേക്കറോളം വിസ്തൃതിയുള്ള പുരയിടത്തിലാണ് ചിൽഡ്രൻസ് ഹോം സ്ഥിതിചെയ്യുന്നത്.

ജുവനൈൽ ജസ്റ്റിസ് ആക്ട് (ശ്രദ്ധയും പരിചരണവും) 2015 പ്രകാരം പ്രവർത്തിക്കുന്ന കോട്ടയം ഗവ. ചിൽഡ്രൻസ് ഹോമിൽ നിലവിൽ താമസക്കാരായുള്ള ഭൂരിപക്ഷം കുട്ടികളും ശിഥിലമായ കുടുംബപശ്ചാത്തലമുള്ളവരും ലഘുവായ പെരുമാറ്റ വൈകല്യങ്ങൾ പ്രകടിപ്പിക്കുവരുമാണ്. ജീവിത സാഹചര്യങ്ങൾ മൂലം വിദ്യാഭ്യാസ കാര്യത്തിൽ അടിസ്ഥാനം ലഭ്യമാകാത്തവരും സമപ്രായക്കാരുടെ ദുസ്സ്വാധീനങ്ങളിൽ പെട്ട് ആശാസ്യമല്ലാത്ത നിലയിൽ പെരുമാറുന്നവരുമുണ്ട് താമസക്കാരുടെ കൂട്ടത്തിൽ. ഇവരുടെ പ്രശ്നപരിഹാരത്തിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ കുട്ടികളെക്കൂടി എത്തിക്കുന്നതിന് പര്യാപ്തമായ വ്യക്തിഗത



കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 21.02.2017ൽ ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി നിർവ്വഹിക്കുന്നു.

പരിചരണ പദ്ധതി (Individual Care Plan) തയ്യാറാക്കി കൗൺസിലിംഗും തെറാപ്പികളും ആവശ്യമെങ്കിൽ സൈക്യാട്രി ചികിത്സയും തുടർപരിചരണവും സ്ഥാപനത്തിൽ കെയർടേക്കർമാർ/കൗൺസിലർമാർ/സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പുവരുത്തിയും മറ്റു ചികിത്സകൾ കോട്ടയം ജില്ലാ ആശുപത്രി/മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥലങ്ങളിൽ കുട്ടികളെ എത്തിച്ചും പരമാവധി ഫലപ്രദമായി നടത്തിവരുന്നു.

കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താല്പര്യ സംരക്ഷണവും ഉറപ്പുവരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത ശിശുസംരക്ഷണ പദ്ധതി (ഐ.സി.പി.എസ്). പ്രസ്തുത ലക്ഷ്യത്തോടെതന്നെ കുട്ടികൾക്ക് ശ്രദ്ധയും പരിരക്ഷയും ഉറപ്പുവരുത്തുതിനായി പ്രവർത്തിക്കുന്ന കോട്ടയം ചിൽഡ്രൻസ് ഹോമിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും, ആധുനിക സജ്ജീകരണങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കുവേണ്ടി പുതുതായി കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്.



പുതിയ കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം

കവിത

## അവളുടെ ആഭരണങ്ങൾ



പെണ്ണാണേ ഇതു വെയിലത്തു വാടാത്ത
പെൺകരുത്തിത്തിന്റെ തീനാളമാണേ
പെണ്ണുപിറക്കും വളരും പഠിക്കും
പെണ്ണു പുതിയൊരുലോകം നയിക്കും

പെണ്ണുകിളിയല്ലകൂട്ടിലടയ്ക്കുവാൻ
പെണ്ണൊരു മാനല്ല പേടിച്ചരളുവാൻ
പെണ്ണൊരു പുഴയല്ലണകെട്ടി നിർത്തുവാൻ
പെണ്ണ് കടൽപോലെ സാന്ദ്രം

ആ കടലിലെ തിരപോലെ ശക്തം
ആ മണൽത്തീരം പോൽ ശാന്തം
മുട്ടോളം പാടുന്ന ചട്ടിലൊടുങ്ങുന്ന
ചെമ്മീനുപമകൾക്കെല്ലാം ഇന്നു പഴങ്കഥയാക്കി

ഈ പെണ്ണിന്ന് പഴങ്കഥയാക്കി
നാരകം നട്ടോട്ടെ നാരിഭരിച്ചോട്ടെ
നാരിയബലയല്ല പിന്നെയോ
നാളെ തൻ സ്വപ്നങ്ങൾ നീളെ നിറയുന്ന

പൂക്കാലം നാമൊന്നുതീർക്കും
അതിൻ പൂമണമെങ്ങും പരത്തും
തിരനാടകത്തിലെ കണ്ണീർക്കഥയല്ല
കല്യാണച്ചന്തയിൽ വില്ക്കാച്ചരക്കല്ല

അഴകിന്റെ അളവിന്റെ കെട്ടുകാഴ്ചകല്ല
പിച്ചിച്ചീന്തുവാൻ താരിളംമൊട്ടല്ല
തച്ചുടയ്ക്കുവാൻ പളുങ്കുപാത്രവുമല്ല
വളയം പിടിക്കുന്ന കൈകളെത്ര

ഭരണത്തിലേറിയ വിജയമെത്ര
പുകയേറ്റുകരിയാത്ത കരൾ വെന്തു നീറാത്ത
പുതുയുഗമിന്നു തീർക്കും
ഞങ്ങൾ നവയുഗമൊന്നുതീർക്കും

അരിഞ്ഞു വീഴ്ത്തുക ഭയത്തിനിരുൾപ്പടർപ്പുകളെ
വഴി കാട്ടുക നിയമത്തിൻ ജ്വാലകളേ
തളരാതെ തകരാതെ മുന്നേറാം
ചിറകു വിടർത്താമതിരുകൾക്കപ്പുറം

മീന ശൂരനാട്
ശിശുവികസന പദ്ധതി ആഫീസർ
ശാസ്താംകോട്ട

## കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനുള്ള ധനസഹായ പദ്ധതി

(പുതിയ പദ്ധതി)

കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസം 2,000/- രൂപ ക്രമത്തിൽ കുഞ്ഞിന് 2 വയസ്സ് ആകുന്നതുവരെ ധനസഹായം അനുവദിക്കുന്നു. സർക്കാർ ഉത്തരവ് നമ്പർ 358/2016/സാ.നീ.വ. തീയതി: 30.07.2016 പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

* വരുമാന പരിധി 1 ലക്ഷം രൂപ
* കാഴ്ചവൈകല്യം 40 ശതമാനവും അതിനുമുകളിലും

### അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

* കാഴ്ചവൈകല്യം തെളിയിക്കുന്ന മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്
* ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്.
* വരുമാന സർട്ടിഫിക്കറ്റ്.

കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത അങ്കണവാടിയുമായി ബന്ധപ്പെടുക.

### കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനുള്ള ധനസഹായ പദ്ധതി അപക്ഷാ ഫാറം

(അപേക്ഷാ ഫോറം)

1. അപേക്ഷകയുടെ പേര് :
2. ഭർത്താവിന്റെ പേര് :
3. മേൽവിലാസം :
4. ഫോൺ നമ്പർ :
5. അപക്ഷകയുടെ വയസ്സ്/ ജനനതീയതി
6. അപക്ഷകയുടെ ജോലി :
7. ഭർത്താവിന്റെ ജോലി :
8. കുടുംബ വാർഷിക വരുമാനം :
9. കുട്ടിയുടെ പേര്
10. ആൺ/പെൺ :
11. കുട്ടിയുടെ ജനനതീയതി :
12. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത തീയതി :

സ്ഥലം: അപക്ഷകയുടെ ഒപ്പ്
തീയതി:

(ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ)

അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന 192 ഊരുകളിലായി പ്രവർത്തിക്കുന്ന 175 അംഗൻവാടികൾ വഴി 0–5 പ്രായമുള്ള കുട്ടികളുടെ വളർച്ചനിരീക്ഷണം, ആരോഗ്യപരിരക്ഷ എന്നിവ യഥാസമയം ഉറപ്പുവരുത്തുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയറാണ് ജാതക്. ഒരു കുട്ടി ജനിക്കുമ്പോൾത്തന്നെ കുട്ടിയുടെ വിവരങ്ങളെല്ലാം (കുട്ടിയുടെ പേര്, തിരിച്ചറിയൽ നമ്പർ, ജനനതിയതി മുതലായവ) ഈ സോഫ്റ്റ് വെയറിൽ പതിവ് ചെയ്യുന്നു. ഇതിനെതുടർന്ന് എല്ലാ മാസവും കൃത്യമായ തീയതിയിൽ അങ്കണവാടി വർക്കർ ആരോഗ്യകേന്ദ്രത്തിലെ ജെ.പി.എച്ച്.എൻ–ന്റെ സാങ്കേതിക സഹായത്തോടെ അവരുടെ അങ്കണവാടി പരിധിയിലുള്ള ഓരോ കുട്ടിയുടെയും തൂക്കം, ഉയരം, മിഡ് അപ്പർ ആം ചുറ്റളവ് എന്നിവയുടെ വിവരം ശേഖരിക്കുന്നു. ശേഖരിച്ച ഓരോ കുട്ടിയുടെയും വിവരങ്ങൾ പ്രത്യേകം പ്രത്യേകമായി അംഗൻവാടി വർക്കർ മൊബൈൽ ഫോൺ വഴി ജാതക് സെർവറിലേക്ക് കൈമാറുന്നു. ഈ ശബ്ദവിവരണം ഓപ്പറേറ്റർ പകർത്തിയെടുത്ത് ഓരോ കുട്ടിയുടെയും വളർച്ചനിരീക്ഷണ വിവരസമാഹാരം സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നു. ഇപ്രകാരം ചിട്ടപ്പെടുത്തിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ വയസ്സിനനുസരിച്ചുള്ള തൂക്കവും ഉയരവും ഉയരത്തിനനുസരിച്ചുള്ള തൂക്കം കണ്ടെത്തുന്നു. ലോകാരോഗ്യസംഘടനയുടെ സ്റ്റാൻഡേർഡിന്റെ അടിസ്ഥാനത്തിലാണ് പോഷകാഹാര കുറവുള്ള കുട്ടികളെയും തൂക്കക്കുറവുള്ള കുട്ടികളെയും തിരിച്ചറിയുന്നതും അനന്തര നടപടികൾ സ്വീകരിക്കുന്നതും.



ഇങ്ങനെ തിരിച്ചറിയുന്ന കുട്ടികളുടെ വിവരങ്ങൾ സെക്ടർ സൂപ്പർവൈസറുടെയും ജെ.പി.എച്ച്.എൻ ന്റെയും മൊബൈൽ ഫോണിൽ അവരുടെ ഏരിയ പ്രകാരം ലഭ്യമാകുന്നു. തുടർനടപടികൾ തുടങ്ങുന്നതിന്റെ ഭാഗമായി കുട്ടികളുടെ സ്ഥാനനിർണ്ണയം ഉറപ്പുവരുത്തുന്നു. ഈ കുട്ടികളുടെ തൂക്കം, ഉയരം, മിഡ് അപ്പർ ആം ചുറ്റളവ് തുടങ്ങിയവ ഓരോ 15 ദിവസം കഴിയുമ്പോഴും എടുത്ത് അത് സെർവറിലേക്ക് IVRS (Interactive Voice Response) മൂലം പതിവ് ചെയ്യുന്നു. കുട്ടിയുടെ ആരോഗ്യനില സാധാരണ നിലയിൽ ആകുന്നതുവരെ ഇത് ആവർത്തിക്കുന്നു. തുടർനടപടികളുടെ ഭാഗമായുള്ള ഗൃഹസന്ദർശനത്തിൽ അങ്കണവാടി വർക്കറും ജെ.പി.എച്ച്.എൻ ഉം ഐ.സി.ഡി.എസ് സൂപ്പർവൈസറും ചേർന്ന് അമ്മയ്ക്കും വീട്ടിലെ മുതിർന്നവർക്കും കൗൺസിലിംഗ് നൽകുന്നു. കുട്ടിയുടെ പരിചരണം ആഹാരക്രമങ്ങൾ, ആരോഗ്യനില, ശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. കുട്ടികളുടെ വളർച്ചനിരീക്ഷണ ചാർട്ട് അമ്മയ്ക്ക് വ്യക്തമാക്കുന്നതിനോടൊപ്പം അതിന്റെ പ്രാധാന്യം, കുട്ടികളുടെ വളർച്ചയിൽ രക്ഷിതാക്കളുടെ പങ്ക് എന്നിവയെക്കുറിച്ചും വ്യക്തമായി ബോധവൽക്കരണം നടത്തുന്നു. ഇങ്ങനെയുള്ള കൃത്യമായ സന്ദർശനം കുട്ടികളുടെ ആരോഗ്യത്തിനും വളർച്ചയിലും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മുന്നേറ്റം സൃഷ്ടിക്കുന്നു.

ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോഷകാഹാര കുറവുള്ള കുട്ടികളെയും തൂക്കക്കുറവുള്ള കുട്ടികളെയും തിരിച്ചറിഞ്ഞ് യഥാസമയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജാതക് സോഫ്റ്റ്‌വെയറിലൂടെ കഴിയുമെന്നുള്ളത് അങ്കണവാടികളുടെ പ്രവർത്തനത്തിൽ വലിയൊരു മുന്നേറ്റമാണ് അട്ടപ്പാടി ബ്ലോക്കിൽ സൃഷ്ടിച്ചിട്ടുള്ളത്. ഈ സോഫ്റ്റ്‌വെയറിന്റെ പ്രയോജനം കേരളത്തിലെ മുഴുവൻ അങ്കണവാടികളിലും പ്രയോജനപ്പെടുത്തിയാൽ അങ്കണവാടികളുടെ ഭാവി പ്രവർത്തനങ്ങൾക്ക് അത് മുതൽക്കൂട്ടായി മാറും എന്നതിൽ സംശയമില്ല.

ഡോ. രാജേശ്വരി
സി.ഡി.പി.ഒ, അട്ടപ്പാടി

## UN THEME 2017:
## "Women in the Changing World of Work: Planet 50-50 by 2030"



### തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം 2013

സംഘടിത – അസംഘടിത തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്നു.

**ഏതാണ് തൊഴിലിടം**

- സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകൾ
- ഗാർഹികവൃത്തി, ഉൾപ്പെടെയുള്ള എല്ലാ അസംഘടിത മേഖലയും

**പരാതികൾ :** അതാത് സ്ഥാപനങ്ങളിലെ ICC-യുമായോ ജില്ലാ കളക്ടറേറ്റുകളിലെ LCC-യുമായോ ബന്ധപ്പെടുക

### ശൈശവ വിവാഹ നിരോധന നിയമം 2006



- പ്രായപൂർത്തിയാകുന്നതിന് മുൻപുള്ള വിവാഹമോ/വിവാഹ ഉടമ്പടിയോ ശിക്ഷാർഹമാണ്
- സമീപിക്കേണ്ടത് : ശിശുവികസന പദ്ധതി ഓഫീസർ
- നിയമ ലംഘനത്തിന് 2 വർഷം തടവും 1,00,000/ രൂപ പിഴയും

കൂടുതൽ വിവരങ്ങൾക്ക് ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക.






### POCSO ACT

### ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണ നിയമം 2012

- 18 വയസ്സിനു താഴെ പ്രായമുള്ള ആൺ പെൺ വ്യത്യാസമില്ലാത്ത ലൈംഗിക ചൂഷണത്തിനിരയാകുന്ന കുട്ടികൾക്ക് നിയമ സംരക്ഷണവും നീതിയും ഈ നിയമം ഉറപ്പാക്കുന്നു.
- ബാല ലൈംഗിക ചൂഷണം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ പോലീസിനെ അറിയിക്കുക – അമൂല്യം ബാല്യം സംരക്ഷിക്കുക സമൂഹത്തിന്റെ കടമ.
- ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ശിശുസംരക്ഷണ സമിതി, എന്നിവരെ സഹായത്തിനായി സമീപിക്കുക
- കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം മറച്ചുവയ്ക്കുന്നത് അപരാധവും ശിക്ഷാർഹവുമാണ്.